# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 164 | 07.03.2018- ൽ മറുപടിയ്ക്ക്

## നോർക്ക റൂട്ട്സ് വഴി സർക്കാർ നടപ്പാക്കുന്ന പുനരധിവാസ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ.എം. നൗഷാദ്<br>ശ്രീ. എം. സ്വരാജ് | പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| (എ) നോർക്ക റൂട്ട്സ് വഴി സർക്കാർ നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; തിരിച്ചുവന്ന പ്രവാസികൾക്ക് സ്വന്തമായി തൊഴിൽ കണ്ടെത്താനുള്ള വായ്പയിൽ എത്ര ശതമാനം സബ്സിഡിയും പലിശയിളവും സർക്കാർ നല്കുന്നുണ്ട് ; | (എ) നോർക്ക റൂട്ട്സിന്റെ പുനരധിവാസ പദ്ധതികളിൽ പ്രധാനപ്പെട്ടത് നോർക്ക ഡിപ്പാർട്ട്മെന്റ് . പ്രോജക്റ്റ് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിയാണ്. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നല്കുകയും അവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടി ക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നല്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ചതാണ് ഈ പദ്ധതി. 20 ലക്ഷം രൂപ വരെ മൂലധനചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ 4 വർഷം 3% പലിശസബ്സിഡിയും നല്കുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തിലെ പ്രമുഖ ബാങ്കുകൾ പലതും വിമുഖത കാണിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ബാങ്കുകളുമായിട്ടാണ് ഈ സ്കീമിൽ വായ്പ ലഭ്യമാക്കാൻ നോർക്ക റൂട്ട്സ് എം.ഒ.യു. ഒപ്പിട്ടിരിക്കുന്നത് ; സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോപ്പറേറ്റീവ് സൊസൈറ്റി, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായാണ് MoU ഒപ്പിട്ടിരിക്കുന്നത്. കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവയെക്കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ബാങ്കുകളുടെ കർക്കശ വ്യവസ്ഥകൾ മൂലം നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന സ്കീമിന്റെ ഗുണഫലം പ്രവാസികൾക്ക് പൊതുവിൽ ലഭിക്കുന്നില്ലെന്ന് അറിയാമോ ; | (ഡി) | ബാങ്കുകളുടെ കർക്കശ വ്യവസ്ഥകൾ മൂലം NDPREM സ്കീമിന്റെ ഗുണഫലം പ്രവാസികൾക്ക് പൊതുവിൽ ലഭിക്കുന്നില്ലെന്ന ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഇത് പരിഹരിക്കാൻ ബാങ്കുകളുടെ മേൽ സമ്മർദ്ദം ചെലുത്തുമോ ; ബാങ്കുകളുടെ നിസ്സംഗതയും നിസ്സഹകരണവും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | പ്രവാസികൾ ഇന്ത്യയ്ക്കും പ്രത്യേകിച്ച് കേരളത്തിനും നല്കിയ വിലപ്പെട്ട സംഭാവനകളും സാമൂഹ്യ സാമ്പത്തിക മേഖലകളിൽ അവരുടെ സംഭാവനകളും കണക്കിലെടുത്ത് ഈ പദ്ധതികളോട് സഹകരിക്കാൻ ബാങ്കുകളോട് നിരന്തരം അഭ്യർത്ഥിച്ച് വരുന്നു. കൂടാതെ സർക്കാർ തലത്തിൽ ഈ വിഷയം സംബന്ധിച്ച ചർച്ചകൾ സംഘടിപ്പിക്കാറുണ്ട്. ഇത് കൂടാതെ SLBC യോഗങ്ങളിൽ ഈ വിഷയം എല്ലാ പ്രാവശ്യവും ഉന്നയിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ